# Athmaraksha.org

നമ്മുടെ കടമകളും ഉത്തരവാദിത്വങ്ങളും

## വൃദ്ധരെ ഉപേക്ഷിക്കരുത്- ഫ്രാൻസീസ് പാപ്പാ



"വാർദ്ധക്യത്താലും രോഗത്താലും വലയുന്നവരെ ഒരിക്കലും ഉപേക്ഷിക്കരുതെന്ന്" ഫ്രാൻസീസ് പാപ്പാ. ജീവന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ അക്കാദമി അംഗങ്ങളുടെ ഒരുമിച്ചുകൂടലിലാണ് മാർപാപ്പാ ഇതു പറഞ്ഞത്.

"രോഗത്താലും വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകളാലും കടന്നുപോകുന്നവരെ അമൂല്യരായി കാണാൻ" തീവ്രരോഗീപരിചരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരോട് പാപ്പാ ആഹ്വാനം ചെയ്തു.

"മാതാപിതാക്കളെ ബഹുമാനിക്കുക എന്ന ദൈവകല്പന വൃദ്ധരെ സ്നേഹിക്കാ നും ശുശ്രൂഷിക്കാനും അവരെ ബഹുമാനിക്കാനും നമ്മെ കടപ്പെ ടുത്തുന്നു." പാപ്പാ തുടർന്നു."വൈദ്യശാസ്ത്രം യഥാർത്ഥത്തിൽ പുരോഗതി പ്രാപിച്ചു എന്നു നമുക്ക് പറയാവുന്നത് അത് വൃദ്ധരുടെയും രോഗികളുടെയും ജീവിതത്തിന്റെ അന്തസ്സിനെ ഉയർത്തിപ്പിടിക്കുമ്പോഴാണ്.